പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *368

24.08.2017-ൽ
മറുപടിയ്ക്ക്

## എക്സൈസ് വകുപ്പിന്റെ ശാക്തീകരണം

ചോദ്യം
ശ്രീ.കെ.ബാബു
ശ്രീ.ജോർജ്.എം.തോമസ്
ശ്രീ.കെ.ആൻസലൻ
ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ:

ഉത്തരം
ശ്രീ.ടി.പി.രാമകൃഷ്ണൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എക്സൈസ് വകുപ്പിന്റെ ശാക്തീകരണത്തിനായി ഈ വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) | 2017 - 18 സാമ്പത്തിക വർഷത്തിൽ വകുപ്പിന്റെ ശാക്തീകരണത്തിനായി പദ്ധതി വിഹിതത്തിൽ 700 ലക്ഷം രൂപയും, പദ്ധതിയേതര വിഹിതത്തിൽ 165 ലക്ഷം രൂപയും അനുവദിച്ചിട്ടുള്ളതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.<br><br>2017-18 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 200 ലക്ഷം രൂപ ചെലവിൽ എക്സൈസ് വകുപ്പിൽ വയർലസ് സിസ്റ്റം സ്ഥാപിക്കുന്നതിനും, 29 എക്സൈസ് ഫീൽഡ് ആഫീസുകളിൽ വനിതകൾക്ക് ടോയ്‌ലറ്റ് സൗകര്യത്തോടുകൂടിയുള്ള ഡ്രസ്സിംഗ് റൂം നിർമ്മിക്കുവാൻ 152 ലക്ഷം രൂപയും , വനിത പെട്രോളിംഗ് സ്ക്വാഡ് രൂപീകരിക്കുന്നതിന്റെ ഭാഗമായി 48.5 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപ ചിലവിൽ 100 ഇരുചക്ര വാഹനങ്ങൾ വാങ്ങുന്നതിനും ഇ-ആഫീസ് സിസ്റ്റം നടപ്പിലാക്കുന്നതിലേക്കും, ഫീൽഡ് ആഫീസുകളായ 138 എക്സൈസ് റേഞ്ച് ആഫീസുകളിൽ ഓരോ കമ്പ്യൂട്ടർ കൂടി നൽകുന്നതിലേക്കായി 86.15 ലക്ഷം രൂപ ചെലവിൽ കമ്പ്യൂട്ടർ വാങ്ങുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ എക്സൈസ് ചെക്ക് പോസ്റ്റുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി 6 ലക്ഷം രൂപ ഉപകരണങ്ങൾ വാങ്ങുന്നതിനും, 11.13 ലക്ഷം രൂപ ചെലവിൽ 20 ചെക്ക് പോസ്റ്റുകളിൽ ഇരുചക്രവാഹനങ്ങൾ വാങ്ങുന്നതിനും, 7.32 ലക്ഷം രൂപ ചെലവിൽ 20 ചെക്ക് പോസ്റ്റുകളിൽ ഡിജിറ്റൽ എൽ.ഇ.ഡി സൈൻ ബോർഡ് സ്ഥാപിക്കുന്നതിനും 5.9 ലക്ഷം രൂപ ചിലവിൽ 10 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ കംപ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ വാങ്ങുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>2017 - 18 സാമ്പത്തിക വർഷം ജില്ലാ അധികാരികളായ 14 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ |

| | | | |
|---|---|---|---|
| | | | ഉപയോഗത്തിന് 14 പുതിയ മഹേന്ദ്ര സൈലോ വാഹനങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.<br><br>ജോയിന്റ് എക്സൈസ് കമ്മീഷണർമാരുടെയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെയും ഉപയോഗത്തിന് 9 പുതിയ ലാപ്ടോപ്പുകൾ വാങ്ങുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>ഇടുക്കി ജില്ലയിലെ ദേവികുളത്തും മലപ്പുറം ജില്ലയിലെ നിലമ്പൂരും ഓരോ ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ രൂപീകരിച്ച് സ്ക്വാഡിന്റെ പ്രവർത്തനത്തിനായി 20 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br><br>7 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ നിർമ്മിതി കേന്ദ്രം മുഖേന കണ്ടെയ്നർ മോഡ്യൂൾ സ്ഥാപിച്ചിട്ടു ണ്ട്.<br><br>എക്സൈസ് ക്രൈം റെക്കോഡ്സ് ബ്യൂറോയുടെ ഉപയോഗത്തിന് ഒരു വെബ് ബെയ്സ്ഡ് ആപ്ലിക്കേഷൻ സോഫ്റ്റ് വയർ നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>25 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ അനർട്ടിന്റെ സഹായത്തോടെ സോളാർ എൽ.ഇ.ഡി ഹൈമാസ്റ്റ് ലാമ്പ് |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനും, 14 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സി.സി റ്റി.വി ക്യാമറ സ്ഥാപിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്.<br>സംസ്ഥാന എക്സൈസ് അക്കാഡമിയുടെ ഗവേഷണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്ക് പദ്ധതിയിനത്തിൽ 175 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും 157 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. |
| (ബി) | അതിർത്തി ചെക്ക് പോസ്റ്റുകളുടെ ആധുനികവൽക്കരണത്തിലും ഓഫീസുകൾ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുന്നതിനായുള്ള എക്സൈസ് ടവറുകളുടെ നിർമ്മാണത്തിലും കൈവരിച്ചിട്ടുള്ള പുരോഗതി അറിയിക്കാമോ? | (ബി) | എക്സൈസ് ചെക്ക് പോസ്റ്റുകൾ നവീകരിക്കുന്നതിനായി 2017 - 18 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 6 ലക്ഷം രൂപയും 20 ചെക്ക് പോസ്റ്റുകളിലെ ജീവനക്കാരുടെ പ്രവർത്തന സൗകര്യത്തിനായി ഇരുചക്ര വാഹനങ്ങൾ വാങ്ങുന്നതിന് 11.13 ലക്ഷം രൂപയും, 20 ചെക്ക് പോസ്റ്റുകളിൽ ഡിജിറ്റൽ എൽ.ഇ.ഡി സൈൻ ബോർഡ് സ്ഥാപിക്കുന്നതിന് 7.32 ലക്ഷം രൂപയും, 10 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ കംപ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ വാങ്ങുന്നതിന് 5.9 ലക്ഷം രൂപയും ഭരണാനുമതി |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്.<br><br>2016-17 സാമ്പത്തിക വർഷം സ്ഥല സൗകര്യം ലഭ്യമല്ലാത്ത 7 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ കണ്ടെയ്നർ മോഡ്യൂളുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>25 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ അനർട്ടിന്റെ സഹായത്തോടെ സോളാർ എൽ.ഇ.ഡി ഹൈമാസ്റ്റ് ലാംമ്പ് സ്ഥാപിക്കുന്നതിനുള്ള നടപടികളും മുത്തങ്ങ ചിന്നാർ എന്നീ എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സോളാർ ലൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികളും, 14 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സി.സി റ്റി.വി ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 4 എക്സൈസ് ടവറുകൾ പ്രഖ്യാപിച്ചിട്ടുള്ളതാണ്. പ്രസ്തുത ടവറുകൾ കോട്ടയം, പാലക്കാട്, തൃശ്ശൂർ, വയനാട് എന്നിവയാണ്.<br>കോട്ടയം, പാലക്കാട് എന്നീ ജില്ലകളിൽ എക്സൈസ് വകുപ്പിന് സ്വന്തമായുള്ള സ്ഥലത്ത് എക്സൈസ് ടവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | തൃശൂർ എക്സൈസ് ടവറിന്റെ നിർമ്മാണത്തിനായി സാമ്പത്തിക ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ള പ്ലാനും എസ്റ്റിമേറ്റും പരിശോധിച്ചു വരികയാണ്.<br>വയനാട് ജില്ലയിൽ എക്സൈസ് ടവർ നിർമ്മാണത്തിന് എക്സൈസ് വകുപ്പിന് സ്വന്തമായി ഭൂമി ലഭ്യമല്ലാത്തതിനാൽ സർക്കാർ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ വയനാട് ജില്ലാ കളക്ടറുമായി കൂടിയാലോചിച്ച് സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ